**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4227** — **13.12.2018 - ൽ മറുപടിക്ക്.**

## ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിങ് സെന്റർ

<u>ചോദ്യം</u>

ശ്രീ. പി. റ്റി. എ. റഹീം

<u>**മറുപടി**</u>

**ശ്രീ. ഇ. പി. ജയരാജൻ**

**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

| ചോദ്യം | മറുപടി |
|---|---|
| (എ) 01/01/2011-ലെ സർക്കാർ ഉത്തരവ് G.O(Ms) No. 1/2011/ID പ്രകാരം സിഡ്കോയുടെ കീഴിൽ ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിങ് സെന്ററിലെ ഓരോ തസ്തികയിലും സർക്കാർ നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യത എന്തൊക്കെയാണെന്നും ഓരോ തസ്തികയിലുമുള്ള ശമ്പള നിരക്ക് എത്രയാണ് എന്നും വ്യക്തമാക്കാമോ ; | (എ) : അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(അച്ചടി) നമ്പർ 144/2018/ധന അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു മാസത്തെ ശമ്പളം നൽകുന്നതിന് പകരമായി ജീവനക്കാരുടെ 2018 സെപ്റ്റംബർ മാസത്തെ ശമ്പളം അടിസ്ഥാനമാക്കി 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്ത് അവധി ശമ്പളം ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുവാൻ തയ്യാറായി ടൂൾ റൂം കം ട്രെയിനിങ് സെന്ററിലെ ജീവനക്കാർ സിഡ്കോ മാനേജ്മെന്റ് മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നുവോ ; എങ്കിൽ ആയത് മാനേജ്മെന്റ് അംഗീകരിച്ച് നൽകിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (ബി) : സിഡ്കോയുടെ അധീനതയിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിങ് സെന്ററിലെ ആകെയുള്ള 15 ജീവനക്കാരിൽ, 12 പേരുടെ അപേക്ഷ സിഡ്കോ മാനേജ്മെന്റിന് ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷ സിഡ്കോ മാനേജ്മെന്റ് പരിഗണിക്കുകയും 12 ജീവനക്കാരുടെ 30 ദിവസത്തെ ആർജിതാവധി സറണ്ടർ ചെയ്ത് സിഡ്കോ മാനേജ്മെന്റ് ഉത്തരവായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കുറവു നിമിത്തം പ്രസ്തുത തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നാളിതു വരെ നൽകിയിട്ടില്ല. |
| (സി) നിലവിൽ സിഡ്കോയിൽ ജീവനക്കാർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ടൂൾ റൂം കം ട്രെയിനിങ് സെന്ററിലെ ജീവനക്കാർക്കും അനുവദിച്ച് നൽകുന്നതിനെ സംബന്ധിച്ചുള്ള സിഡ്കോ ഡയറക്ടർ ബോർഡ് തീരുമാനവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (സി) : സിഡ്കോയിലെ ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യം സിഡ്കോയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിങ് സെന്ററിലെ ജീവനക്കാർക്കും അനുവദിച്ച് നൽകാവുന്നതാണ് എന്ന് സിഡ്കോ ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ടൂൾ റൂം കം ട്രെയിനിങ് സെന്ററിലെ സ്റ്റാഫ് പാറ്റേൺ, ടി യൂണിറ്റിലെ തസ്തികകളുടെ യോഗ്യത, പ്രവൃത്തി പരിചയം, ശമ്പള സ്കെയിൽ എന്നിവയിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ സിഡ്കോയിൽ നിന്നും റിപ്പോർട്ട് ആരായുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

| STAFF PATTERN | | | | |
|---|---|---|---|---|
| **Department/Designation** | **Scale of Pay** | **Number** | **Minimum Qualification** | **Upper age limit** |
| **Production Section** | | | | |
| Head -Tool Room cum Training Centre | 16,650-23,200/- | 1 | B-Tech with 2 years Tool Engg Course/4 Years Tool Engg Diploma course | around 50 |
| Tool Room Manager | 13,610-20,700/- | 1 | B-Tech with 2 Years Tool Engg course/4 Years Tool Engg Diploma course | Below 45 |
| Tool Room Engineer | 12,250-19,800/- | 2 | B-Tech with 2 Years tool Engg course/ 4 Years Tool Engg diploma course | 25-35 |
| Design Engineer | 12,250-19,800/- | 1 | B-Tech with 2 Years Tool Engg course/ 4 Years Tool Engg diploma course | 30-35 |
| Maintenance Engineer | 12,250-19,800/- | 1 | B-Tech/ Diploma Mechanical | 25-35 |
| Programmer | 11,910-19,350/- | 2 | 2 years Precision Machining course/6 months programming course after +2/Diploma (Mechanical),B Tech Mechanical | 30 |
| Asst Tool room Engineer | 11,070-18,450/- | 6 | 4 yrs Tool Engg diploma course | 30 |
| CNC Operators | 5,250-8,390/- | 6 | 2 Years Precision Machining Course | Below 30 |
| **Total** | | 20 | | |
| **Quality Control** | | | | |
| QCE-(Mech Engineer) | 11,070-18,450/- | 1 | B.Tech in Mechanical Engineering/Diploma mechanical | below 30 |
| Asst QCE | 11,070-18,450/- | 2 | B.Tech Mechanical/ Diploma Mechanical | below 30 |
| **Total** | | 3 | | |

| | | | | |
|---|---|---|---|---|
| **Office Staff (non- technical)** | | | | |
| Manager Admin/Accounts | 13,610-20,700/- | 1 | MBA /PGDM | Below 35 |
| Office staff (Accounts, Administration, sales) | 5250 -8390 | 10 | B.com Degree with special accounts and auditing as special subject for accountancy Others- Degree from a recognized university | Below 35 |
| Peon/Watchman | 4510 - 6230 | 3 | 1) 8th std , 2) Knowledge of bicycling | Below 35 |
| Driver | 5250 - 8390 | 1 | 1) Pass in 8th std 2) Current Driving license for driving Heavy duty vehicles. 3) Normal vision standard as prescribed in Motor vehicle Act. | |
| Staff (Technical) | | | | |
| Draftsman | 7990 - 12930 | 2 | ITI Draftsman Course | Below 35 |
| Machine operators | 6680 - 10790 | 8 | ITI machinist course | Below 35 |
| Fitters/Polishers/ Technicians | 7990 - 12930 | 16 | ITI Fitter/Black smith/ Machinist | Below 35 |
| Electricians/ Asst Electricians | 7990 - 12930 | 4 | Diploma (Electrical)/ ITI Electrical | Below 35 |
| Total | | 45 | | |
| Grand Total | | 68 | | |